കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

പ്രവചന കാലയളവ് 03.09.2025 മുതൽ 07.09.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും

ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 35/2025 (70) ചൊവ്വാഴ്ച | തീയ്യതി 02/09/2025 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 03.09.2025 | 04.09.2025 | 05.09.2025 | 06.09.2025 | 07.09.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 1 | 2 | 1 | 2 | 2 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 8 | 8 | 8 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 250 | 230 | 230 | 230 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 7 | 8 | 7 | 7 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-. സ്പ്രേയിങ്ങും വളപ്രയോഗവും കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം ചെയ്യുക. കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) പാലുറക്കുന്ന പരുവം | ചാഴി | കതിര് നിരന്നുകൊണ്ടിരിക്കുന്ന നെൽപ്പാടങ്ങളിൽ ചാഴിയുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ നെൽപ്പാടങ്ങളിൽ ഈ സമയത്ത് ഫിഷ് അമിനോ ആസിഡ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| കുരുമുളക് | ദ്രുതവാട്ടരോഗം | കുരുമുളക് തോട്ടങ്ങളിൽ തണൽ നിയന്ത്രിക്കുക. ദ്രുതവാട്ടത്തിനും പൊള്ളുരോഗത്തിനും മുൻകരുതലായി 0.2% കോപ്പർ ഓക്സി ക്ലോറൈഡ് ചുവട്ടിൽ ഒഴിച്ച് കൊടുക്കുകയും 1% വീര്യമുള്ള ബോർഡോ മിശ്രിതം ഇലകളിലും തണ്ടുകളിലും തളിച്ച് കൊടുക്കുകയും ചെയ്യുക. |
| പച്ചക്കറികൾ | നീരൂറ്റി കുടിക്കുന്ന പ്രാണികൾ | അന്തരീക്ഷ ഊഷ്മാവ് കൂടിവരുന്നതിനാൽ പച്ചക്കറികളിൽ നീരൂറ്റി കുടിക്കുന്ന പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം-: തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. മൃഗാശുപത്രിയിൽ ചാണക സാമ്പിൾ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കിയതിനു ശേഷം ആവശ്യമെങ്കിൽ മാത്രം വെറ്റിനറി ഡോക്ടറുടെ നിർദ്ദേശ പ്രകാരം വിരക്കുള്ള മരുന്നു നൽകുക.